# സന്ന്യാസജീവിതത്തെ സംബന്ധിച്ച ഡിക്രി

**ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ**

**ആമുഖം**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നായ സഭാജീവിതത്തിന്റെ നവീകരണത്തിനു സന്ന്യാസജീവിതവും കാലോചിതമായി നവീകരിക്കപ്പെടേണ്ടതുണ്ട് എന്ന തിരിച്ചറിവിന്റെ പരിണതഫലമാണ് ഈ ഡിക്രി. തിരുസഭയിലെ അംഗീകൃത ജീവിതശൈലിയും സുവിശേഷാധിഷ്ഠിത ദൈവവിളിയുമായ സന്ന്യാസജീവിതത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളാണു കൗൺസിൽ പിതാക്കന്മാർ ഈ രേഖയിലൂടെ നല്കുന്നത്. 1965 ഒക്ടോബർ 28-ാം തീയതിയാണ് ഈ ഡിക്രി ഒപ്പു വയ്ക്കപ്പെടുന്നത്. പെർഫെക്തേ കാരിത്താത്തിസ് (perfectaeCaritatis= പരിപൂർണ്ണ സ്നേഹത്തിന്റെ) എന്നതാണ് ഈ ഡിക്രിയുടെ ലത്തീൻ പേര്. തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയുടെ ആറാം അദ്ധ്യായത്തിൽ സന്ന്യാസത്തെക്കുറിച്ചു നല്കിയിരിക്കുന്ന ദർശനങ്ങളുടെ വിശദീകരണമാണ് ഈ ഡിക്രി.

**പ്രധാന ചിന്തകൾ**

1. **സന്ന്യാസജീവിതത്തിന്റെ മഹനീയത**: സുവിശേഷത്തിലെ ഈശോയെ ഏറ്റവും അടുത്തനുകരിക്കുന്ന ജീവിതശൈലിയാണു സന്ന്യാസം എന്ന ചിന്ത ഈ രേഖയിലുടനീളം കാണുന്നു. ദിവ്യഗുരുവിന്റെ പഠനങ്ങളിൽനിന്നും മാതൃകയിൽനിന്നും രൂപം കൊണ്ടതാണു സന്ന്യാസം. ഇതു ദൈവരാജ്യത്തിന്റെ മഹത്തരമായ അടയാളമാണ്. സുവിശേഷോപദേശങ്ങളായ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങൾ പാലിച്ചുകൊണ്ടുള്ള സന്ന്യാസജീവിതശൈലി തിരുസഭയുടെ ആരംഭം മുതല്ക്കേ ഉണ്ടായിരുന്നു. ദൈവപരിപാലനയിൽ നിരവധി സന്ന്യാസസമൂഹങ്ങൾ സഭയിൽ വളർന്നു. സുവിശേഷോപദേശത്തിനനസൃതമായ സന്ന്യാസജീവിതം വളരെ അമൂല്യമാണെന്നും തിരുസഭയ്ക്കു കൃപയുടെ ഒരു ഉറവിടവും അലങ്കാരവുമാണെന്നും ഈ രേഖ അനുസ്മരിപ്പിക്കുന്നുണ്ട്.

2. **സന്ന്യാസജീവിതനവീകരണത്തിനുള്ള പൊതുതത്ത്വങ്ങൾ**: പ്രധാനമായും അഞ്ചു നിർദ്ദേശങ്ങളാണ് ഈ രേഖ നല്കുന്നത്. സന്ന്യാസത്തിലെ ഏറ്റവും

അടിസ്ഥാനപരമായ നിയമം സുവിശേഷത്തിലെ ഈശോയെ അനുകരിക്കുക; തിരുസഭയുടെ നന്മയ്ക്കു വേണ്ടിയാണ് ഓരോ സന്ന്യാസസമൂഹവും പ്രവർത്തിക്കേണ്ടത്; തിരുസഭയുടെ ജീവിതത്തിലും പ്രവർത്തനങ്ങളിലും സന്ന്യാസമൂഹങ്ങൾ നന്നായി പങ്കുചേരണം; മനുഷ്യന്റെ സമകാലിക പ്രശ്നങ്ങളുമായി നന്നായി സംവാദിക്കുവാൻ സന്ന്യാസസമൂഹങ്ങൾക്കു കഴിയണം; സന്ന്യാസജീവിതത്തിന്റെ കാലാനുസൃതമായ നവീകരണത്തോ ടൊപ്പം ആദ്ധ്യാത്മിക നവീകരണവും ഉണ്ടാവുക എന്നിവയാണ് പ്രധാനപ്പെട്ട അഞ്ചു നിർദ്ദേശങ്ങൾ. പ്രസ്തുത നിർദ്ദേശങ്ങൾ യഥാവിധി നടപ്പിലാക്കുവാൻ കഴിയുന്ന രീതിയിൽ ഒരോ സന്ന്യാസസമൂഹത്തിന്റെയും ജീവിതശൈലിയും നിയമങ്ങളും ചിട്ടപ്പെടുത്തുവാൻ കൗൺസിൽ പിതാക്കന്മാർ അതത് സമൂഹങ്ങളുടെ മേലധികാരികളെ ഓർമ്മിപ്പിക്കുന്നുണ്ട്. വിവിധ രീതിയിലുള്ള സന്ന്യാസസമൂഹങ്ങളെക്കുറിച്ച് ഈ രേഖ എടുത്തു പറയുന്നുണ്ട്. ധ്യാനജീവിതം നയിക്കുന്ന സമൂഹങ്ങൾ (contemplatives), ക്രിയാത്മകജീവിതം നയിക്കുന്ന സമൂഹങ്ങൾ (active religious life), ആശ്രമാധിഷ്ഠിതമായ സന്ന്യാസജീവിതം (monastic life) സന്ന്യാസസഹോദരന്മാരുടെ സമൂഹങ്ങൾ (religious brotherhood) തുടങ്ങിയവയാണ് അവയിൽ പ്രധാനപ്പെട്ടവ. ഈ സമൂഹങ്ങളെല്ലാം ദൈവസേവനത്തിലൂടെയും സഭാശുശ്രൂഷയിലൂടെയും ദൈവത്തെയും തിരുസഭയെയും മഹത്ത്വപ്പെടുത്തുന്നു.

**3. സന്ന്യാസജീവിതത്തിന്റെ അടിത്തറ ആദ്ധ്യാത്മിക ജീവിതം:** ദൈവസ്നേഹവും ദൈവാന്വേഷണവുമാണു സന്ന്യാസജീവിതത്തിന്റെ പരമപ്രധാനമായ കാര്യമെന്ന് ഈ രേഖ ഓർമ്മിപ്പിക്കുന്നുണ്ട്. ആകയാൽ സന്ന്യാസികൾ പ്രാർത്ഥിക്കുന്നതിലും പ്രാർത്ഥനാ ചൈതന്യം പുലർത്തുന്നതിലും നിരന്തരശ്രദ്ധ പതിക്കണം. വിശുദ്ധ ഗ്രന്ഥവായന, ആരാധനക്രമത്തിലെ സജീവഭാഗഭാഗിത്വം, വി. കുർബാനയുടെ അർപ്പണം, യാമപ്രാർത്ഥനകൾ എന്നിവ അവരുടെ ആദ്ധ്യാത്മികജീവിതത്തിന് അക്ഷയഖനികളാണ്. വൈദിക മേലധ്യക്ഷന്മാരെ അനുസരിക്കുവാനും തിരുസഭയോടൊത്തു ചിന്തിക്കുവാനും ജീവിക്കുവാനും അവർ തയ്യാറാകണം. വ്രതത്രയങ്ങളായ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നിവവഴി പരിപൂർണ്ണസമർപ്പണവും ജീവിതസമഗ്രതയും കൈവരിക്കുവാൻ സന്ന്യസ്തർ പ്രത്യേകമായി പരിശ്രമിക്കണം. യഥാർത്ഥസഹോദരസ്നേഹവും ഉത്തമമായ പൊതുജീവിതവും എല്ലാറ്റിലുമുപരി

ആഴമുള്ള ആദ്ധ്യാത്മികജീവിതവും കൂടിച്ചേരുമ്പോൾ സന്ന്യാസസമൂഹങ്ങളും സന്ന്യാസജീവിതവും മഹനീയങ്ങളും തിരുസഭയുടെ വിശിഷ്ടാലങ്കാരങ്ങളും ആയി മാറുന്നു. ഇതിൽനിന്നാണു സന്ന്യസ്തരുടെ പ്രേഷിതതീക്ഷ്ണതയും കർമ്മവീഥികളും പ്രഫുല്ലമാകേണ്ടത്.

4. **സന്ന്യാസദൈവവിളികളുടെ പ്രോത്സാഹനം:** വൈദികരും അദ്ധ്യാപകരും സഭാസമൂഹം മുഴുവനും സന്ന്യാസദൈവവിളി പ്രോത്സാഹിപ്പിക്കുവാൻ ഉത്സാഹപൂർവ്വം ശ്രമിക്കണമെന്നും ഉത്തമജീവിതമാതൃകയാണ് ഏറ്റവും വലിയ ക്ഷണക്കത്തും സാക്ഷ്യപത്രവുമെന്നും രേഖ ഓർമ്മിപ്പിക്കുന്നു. സൂക്ഷ്മവും കൃത്യവുമായ തിരഞ്ഞെടുപ്പുവഴി തിരുസഭയുടെ ആവശ്യങ്ങൾക്ക് ഒരു മുതൽക്കൂട്ടായി സന്ന്യാസ സമൂഹാംഗങ്ങൾ മാറണമെന്ന് ഈ പ്രമാണരേഖ നിർദ്ദേശിക്കുന്നു. പിതാവായ ദൈവത്തിന്റെ ഹിതത്തിനു പൂർണ്ണമായും വിധേയനായി ജീവിച്ച നിർമ്മലനും ദരിദ്രനുമായ ഈശോയെ ഏറ്റവും അടുത്തനുകരിച്ചു ജീവിക്കുന്ന സന്ന്യാസിനീസന്ന്യാസികൾ ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ടവരാണ്, തിരുസഭയുടെ വലിയ ശക്തിസ്രോതസ്സാണ്; ദൈവജനത്തിന് അഭിമാനമാണ്. ഈ രേഖ നന്നായി വായിച്ചു കടന്നു പോകുന്ന ഒരാൾക്കു സന്ന്യാസത്തെ വിലമതിക്കാതിരിക്കുവാൻ കഴിയില്ല. സന്ന്യാസവിളികൾ കടുത്ത പ്രതിസന്ധികളെ നേരിടുന്ന ഈ കാലഘട്ടത്തിലും ഈ കൗൺസിൽ പ്രമാണരേഖ ദൈവജനത്തിനു പ്രചോദനമാകട്ടെ.